**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2610** **17-03-2022 - ൽ മറുപടിയ്ക്ക്**

**മണ്ണെടുക്കുന്നതിനുള്ള അപേക്ഷകളിൽ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വീട്ടുനിർമ്മാണം, ഭൂമി പ്ലോട്ട് തിരിക്കൽ, മണ്ണ് നീക്കം ചെയ്യൽ എന്നിവയ്ക്കായി മൈനിംഗ് & ജിയോളജി വകുപ്പിൽ സമർപ്പിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുവാൻ കാലതാമസം നേരിടുന്നത് പരിഹരിക്കുമോ; | (എ) | കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് മറ്റ് അപാകതകൾ ഇല്ലാത്ത പക്ഷം സ്ഥല പരിശോധന നടത്തി താമസം വിനാ അനുമതി നൽകാറുണ്ട്. കൂടാതെ 02/02/2022 തീയതിയിലെ സ.ഉ.(സാധാ)94/2022/ഐ.ഡി നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വകുപ്പിന്റെ 14 ജില്ലാ ഓഫീസുകളിലും കെട്ടിട നിർമ്മാണത്തിനായി സാധാരണ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി അദാലത്തുകൾ നടത്തി പാസ്സ് അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. |
| (ബി) | മണ്ണെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കാൻ നടപടി സ്വീകരിക്കുമോ; മണ്ണ് നീക്കം ചെയ്യുന്നതിനും മറ്റൊരിടത്ത് നിക്ഷേപിക്കുന്നതിനുമുള്ള അനുമതിക്കായി കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | 2015ലെ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 14 പ്രകാരമാണ് കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകുന്നത്. വാണിജ്യാടിസ്ഥാനത്തിലുള്ള മണ്ണ് ഖനനത്തിന് പാരിസ്ഥിതികാനുമതി സഹിതം ചട്ടപ്രകാരമുള്ള ക്വാറിയിംഗ് പെർമിറ്റാണ് നിലവിൽ അനുവദിച്ചുവരുന്നത്. മേൽവിവരിച്ച ചട്ടങ്ങളിൽ ആവശ്യമായ ഇളവുകൾ ഭേദഗതികളിലൂടെ സർക്കാർ വരുത്തിയിട്ടുണ്ട്. മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതികളാണ് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും നൽകി വരുന്നത്. എന്നാൽ മണ്ണ് നിക്ഷേപിക്കുന്ന വിഷയം ഈ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. അനുമതികൾ നൽകുന്നതിനാവശ്യമായ പൂർണ്ണമായ രേഖകൾ സമർപ്പിക്കുന്നതിൽ വരുന്ന കാലതാമസം നിമിത്തമാണ് സാധാരണയായി അപേക്ഷകൾ തീർപ്പാക്കുവാൻ വൈകുന്നത്. മൈനിംഗ് & ജിയോളജി ജില്ലാ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ നമ്പർ ഇട്ടു നൽകുന്നതിൽ സാധാരണയായി കാലതാമസം നേരിടാറില്ല. മണ്ണ് |

| | | | |
|---|---|---|---|
| | | | നീക്കം ചെയ്യുന്നതിന് ലഭിക്കുന്ന അപേക്ഷകൾ പ്രത്യേക അദാലത്തിലൂടെ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് വരുന്നു. |
| (സി) | മൈനിംഗ് & ജിയോളജി ജില്ലാ ഓഫീസുകളിൽ അപേക്ഷ സ്വീകരിച്ച് നമ്പർ ഇട്ട് നൽകുവാൻ കാലതാമസം ഉണ്ടാകുന്നത് പരിഹരിക്കുമോ; പ്രസ്തുത അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുവാൻ കാലതാമസം എടുക്കുന്നതായുള്ള പരാതി പരിഹരിക്കുമോ; | (സി) | 2015ലെ കെ.എം.എം.സി ചട്ടങ്ങളിലെ ചട്ടം 14 പ്രകാരമാണ് കെട്ടിട നിർമ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നൽകുന്നത്. വാണിജ്യാടിസ്ഥാനത്തിലുള്ള മണ്ണ് ഖനനത്തിന് പാരിസ്ഥിതികാനുമതി സഹിതം ചട്ടപ്രകാരമുള്ള ക്വാറിയിംഗ് പെർമിറ്റാണ് നിലവിൽ അനുവദിച്ചുവരുന്നത്. മേൽവിവരിച്ച ചട്ടങ്ങളിൽ ആവശ്യമായ ഇളവുകൾ ഭേദഗതികളിലൂടെ സർക്കാർ വരുത്തിയിട്ടുണ്ട്. മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതികളാണ് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും നൽകി വരുന്നത്. എന്നാൽ മണ്ണ് നിക്ഷേപിക്കുന്ന വിഷയം ഈ വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. അനുമതികൾ നൽകുന്നതിനാ വശ്യമായ പൂർണ്ണമായ രേഖകൾ സമർപ്പിക്കുന്നതിൽ വരുന്ന കാലതാമസം നിമിത്തമാണ് സാധാരണയായി അപേക്ഷകൾ തീർപ്പാക്കുവാൻ വൈകുന്നത്. മൈനിംഗ് & ജിയോളജി ജില്ലാ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ നമ്പർ ഇട്ടു നൽകുന്നതിൽ സാധാരണയായി കാലതാമസം നേരിടാറില്ല. മണ്ണ് നീക്കം ചെയ്യുന്നതിന് ലഭിക്കുന്ന അപേക്ഷകൾ പ്രത്യേക അദാലത്തിലൂടെ സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് വരുന്നു. |
| (ഡി) | ഓരോ ജില്ലയിലും എത്ര അപേക്ഷകൾ തീർപ്പാക്കാതെയുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവയിൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ? | (ഡി) | ഒരോ ജില്ലയിലും വിവിധ ഘട്ടങ്ങളിലായി നിലവിൽ തീർപ്പാക്കുവാനുള്ള അപേക്ഷകളുടെ എണ്ണം താഴെപറയും പ്രകാരമാണ്. തിരുവനന്തപുരം - 255 കൊല്ലം - 637 പത്തനംതിട്ട – 366 ആലപ്പുഴ - 30 കോട്ടയം - 467 ഇടുക്കി - 41 എറണാകുളം - 75 തൃശ്ശൂർ – 173 പാലക്കാട് - 61 മലപ്പുറം - 137 കോഴിക്കോട് - 48 വയനാട് - 81 കണ്ണൂർ – 15 കാസർഗോഡ് - 12 ഇവ സമയബന്ധിതമായി തീർപ്പാക്കുന്നതിന് മൈനിംഗ് & ജിയോളജി ഡയറക്ടർ പ്രത്യേകം നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതും ആയതിന്റെ പുരോഗതി എല്ലാ ആഴ്ചയിലും വകുപ്പ് വിലയിരുത്തി വരികയുമാണ്. |

സെക്ഷൻ ഓഫീസർ